## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *223** 06.11.2019- ൽ മറുപടിക്ക്

## സ്ത്രീ തൊഴിലാളികളുടെ അവകാശ സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ. വിജയൻ പിള്ള<br>,, റ്റി.വി.രാജേഷ്<br>,, കെ. ദാസൻ<br>,, ബി.സത്യൻ : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) വിവിധ തൊഴിൽ മേഖലകളിൽ ആരോഗ്യകരമായ തൊഴിൽ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും തൊഴിലാളി-തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) തൊഴിലാളി-തൊഴിലുടമാ ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വ്യവസായ ബന്ധ സമിതികൾക്കും സർക്കാർ രൂപം നൽകിയിട്ടുണ്ട്. തൊഴിലാളി സൗഹൃദ അന്തരീക്ഷം, തൊഴിൽ നിയമങ്ങളുടെ കൃത്യമായ പാലനം എന്നിവ ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ സമിതികളിൽ തൊഴിലാളി-തൊഴിലുടമാ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇത് തൊഴിലാളി-തൊഴിലുടമാ ബന്ധം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമാണ്.<br>വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം മുൻ നിർത്തി ആക്ടുകളും, ചട്ടങ്ങളും ഭേദഗതി വരുത്തുകയും വിവിധ ധനസഹായ തുകകൾ ഉൾപ്പെടെയുള്ളവ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വേതന വർദ്ധനവ് നടപ്പാക്കുന്നതിന്റെ ഭാഗമായി 30 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും നാല് മേഖലകളിൽ ആദ്യമായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽ നിയമങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. തോട്ടം തൊഴിൽ മേഖലയിൽ |

| | |
|---|---|
| | ഉൾപ്പെടെയുള്ള ഭവനരഹിതർക്ക് പാർപ്പിടം നൽകാനുള്ള പദ്ധതി, ഇൻഷ്വറൻസ് പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നു. വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിലൂടെ നടപ്പിലാക്കിവരുന്ന പെൻഷൻ അടക്കമുള്ള വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് തീരുമാനമെടുത്തിട്ടുണ്ട്.<br>കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളടക്കമുള്ള തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടം ഉറപ്പാക്കിക്കൊണ്ട് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെ വ്യവസായ തൊഴിൽ തർക്ക നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി നിയമഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) തൊഴിൽ മേഖലകളിൽ ലിംഗസമത്വം ഉറപ്പുവരുത്തി സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട് എന്നീ നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 1961 ലെ മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് ഭേദഗതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) വ്യാപാര, വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവത്തിനനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് മതിയായ യാത്രാ സൗകര്യങ്ങൾ ഒരുക്കുന്നതിനും അധിക സമയവേതനവും ആഴ്ച അവധി, വിശ്രമവേള എന്നിവ ഉറപ്പാക്കുന്നതിനും ക്രിയാത്മകമായ എന്തെല്ലാം ഇടപെടലുകളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) ഇതുമായി ബന്ധപ്പെട്ട് 2018-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) നിയമം നിലവിൽ വന്നിട്ടുണ്ട്. കൂടാതെ നിർദ്ദിഷ്ട സമയത്തിലധികം ജോലി ചെയ്യേണ്ടി വരുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് അധികസമയ വേതനം ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് ആഴ്ച അവധിയും നിയമപ്രകാരമുള്ള വിശ്രമവേളയും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഇക്കാര്യങ്ങളിൽ ജാഗ്രത പുലർത്തുകയും ലഭിക്കുന്ന പരാതികളിൻമേൽ സത്വര മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ഡി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കുണ്ടാകുന്ന പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ഡി) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Work |

Place(Prevention, Prohibition And Redressal) Act-2013. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും(ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും, പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്തമാണ്. ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് റൂൾ 6 (ബി) പ്രകാരം കംപ്ലയിൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് സ്ഥാപന പരിശോധനാവേളയിൽ തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ അന്വേഷിക്കുകയും ഇല്ലാത്ത സ്ഥാപനങ്ങളിൽ ആയത് രൂപീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി എടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.